(ഡി) അദാനി പോർട്ട്സ് സമർപ്പിച്ച ബിഡ് രേഖ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയെ സംബന്ധിച്ച് 1995-ൽ തുറമുഖത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഒരു സ്വകാര്യ പങ്കാളിയുമായി ധാരണാപത്രം ഒപ്പിട്ടു. എന്നാൽ അത് വിജയം കണ്ടില്ല. അതിനുശേഷം 2005, 2007, 2010 എന്നീ വർഷങ്ങളിൽ ഓരോരോ ടെണ്ടറുകൾ പുറപ്പെടുവിച്ചുവെങ്കിലും ഈ 3 ടെണ്ടറുകളും വിജയം കണ്ടില്ല. ഇതിന്റെ പശ്ചാത്തലത്തിൽ നാലാമത്തെ ടെണ്ടർ ഏക ബിഡ് ആയത് എംപവേർഡ് കമ്മിറ്റിയും ഡയറക്ടർ ബോർഡും വിലയിരുത്തുകയും അംഗീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശയുടെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷമാണ് സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## എക്സൈസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

**17 (*317)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിന് റെയ്ഞ്ച് ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ K-VATIS സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി നികുതി ഒടുക്കുന്നതിനായി എക്സൈസ് ഇ-പേയ്മെന്റ് സോഫ്റ്റ്വെയർവഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം വകുപ്പിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിൽനിന്ന് ഇലക്ട്രോണിക്സ് തലത്തിൽ നൽകാൻ കഴിയുന്ന 22 സർവ്വീസുകൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ എഫ്.എൽ.-3, എഫ്.എൽ.-11, എഫ്.എൽ.-4 എ എന്നീ മൂന്നിനം ലൈസൻസ് പുതുക്കൽ സർവ്വീസുകൾ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സർവ്വീസ് പ്ലസ് സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകിവരുന്നു. കൂടാതെ മറ്റു സർവ്വീസുകളും ഇപ്രകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേക്ക് വകുപ്പിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ എക്സൈസ് കമ്മീഷണറേറ്റിലും തുടർന്ന് ഡിവിഷൻ, മേഖലാ ഓഫീസുകളിലും മറ്റ് സബ് ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എക്സൈസ് കമ്മീഷണറേറ്റിൽ ഇ-ഫയലിംഗ് സംവിധാനം സെപ്റ്റംബർ മാസത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു. വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഇതുസംബന്ധിച്ച് അടിസ്ഥാന പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ ആവശ്യത്തിലേക്കായി ഒരു സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) എക്സൈസ് വകുപ്പിലെ ചെക്ക്പോസ്റ്റ് ഒഴികെയുള്ള എല്ലാ ഓഫീസുകൾക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും സർക്കാർ ഇ-മെയിൽ ഐ.ഡി. നൽകിയിട്ടുണ്ട്. ടി സംവിധാനം ഉപയോഗപ്പെടുത്തി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റേഞ്ച്, ഡിവിഷൻ ഓഫീസുകൾ എന്നിവ തമ്മിൽ ബന്ധപ്പെടുത്തുന്നു.

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. വാണിജ്യ നികുതി വകുപ്പിന്റെ K-VATIS Software-നെ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി ഫീസുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സിസ്റ്റം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതുവഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ലഭ്യമാണ്. വകുപ്പിൽനിന്ന് ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ കഴിയുന്ന 22 സർവ്വീസുകളിൽ എഫ്.എൽ.-3, എഫ്.എൽ.-11, എഫ്.എൽ.-4 എ എന്നീ മൂന്നിനം ലൈസൻസ് പുതുക്കൽ സർവ്വീസുകൾ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകി വരുന്നു. കൂടാതെ മറ്റ് സർവ്വീസുകളും ഇപ്രകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## അപകടരഹിത സംസ്ഥാനം

**18 (*318)** ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ അപകടരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹായമാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും അപകടരഹിത സംസ്ഥാനമാക്കുന്നതിനുമായി കേരളാ പോലീസ് നിരവധി മാർഗ്ഗ നിർദ്ദേശങ്ങളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനങ്ങൾ റോഡുഗതാഗത നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ 'ശ്രുതയാത്രാ 2015' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ റോഡപകടങ്ങളുമായി ബന്ധപ്പെട്ട് പ്രഥമ ശുശ്രൂഷ നൽകുന്നതിന് പോലീസുകാർക്ക് ഫസ്റ്റ് എയ്ഡ്, ട്രോമാ കെയർ തുടങ്ങിയവയെക്കുറിച്ച് പ്രാഥമിക പരിശീലനം നൽകുന്നതിനായി 'സൈൽ പദ്ധതി' ആരോഗ്യവകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly